LIBRARY ARCHIVES Kerala Legislative Assembly

## ട്രാഫിക് വാർഡൻമാരുടെ വേതനം

**28 (1769)** ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് ഗതാഗതം നിയന്ത്രിക്കുന്നതിനായി ആഭ്യന്തര വകുപ്പ് ഏതെല്ലാം തരത്തിലുള്ള ഉദ്യോഗസ്ഥരെയാണ് താൽക്കാലികമായും ദിവസക്കൂലി അടിസ്ഥാനത്തിലും നിയമിച്ചിട്ടുള്ളത് ;

(ബി) ഓരോ വിഭാഗത്തിലും നൽകുന്ന ദിവസ വേതനം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇവരുടെ ജോലി എന്തെല്ലാമാണ് ;

(ഡി) ട്രാഫിക് വാർഡർമാരായി സ്ത്രീകളെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ അവരുടെ വേതനം എത്രയാണ് ;

(ഇ) ഒരേ ജോലിക്ക് സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേ വേതനം നൽകണമെന്ന കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ ട്രാഫിക് ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവരുടെ ദിവസവേതനം ഒരേ നിരക്കിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

## രാജാക്കാട് പോലീസ് സ്റ്റേഷനിലെ കള്ളക്കേസ്

**29 (1770)** ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ രാജാക്കാട് പോലീസ് സ്റ്റേഷനിൽ ചാർജ്ജ് ചെയ്തിട്ടുള്ള ക്രൈം നമ്പർ 528/2010 പ്രകാരമുള്ള കേസ്സിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നടന്നിട്ടില്ലാത്ത അക്രമത്തിന്റെ പേരിൽ പൊതുപ്രവർത്തകനായ ശ്രീ. ശിവൻ ഉൾപ്പെടെയുള്ളവർക്കെതിരെ കേസ്സെടുത്തതും നിരന്തരമായി അദ്ദേഹത്തിന്റെ വീട്ടിൽ പോലീസെത്തി ഭീഷണിപ്പെടുത്തുന്നതും തടയാൻ ഈ കേസ് എസ്.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) രാജാക്കാട് പോലീസ് സ്റ്റേഷനിലെ ഒരു ഉദ്യോഗസ്ഥന്റെ താല്പര്യപ്രകാരമാണ് ഈ കേസ് ഇത്തരത്തിൽ ചാർജ്ജ് ചെയ്യുവാൻ ഇടയായതെന്ന വസ്തുതയെ സംബന്ധിച്ച് അന്വേഷണം നടത്തുമോ ;

(ഡി) പരാതിയിൽ പറയുന്ന യാതൊരുവിധ അതിക്രമവും നടന്നിട്ടില്ലെന്ന് സ്റ്റേഷൻ എസ്ഐ ഉൾപ്പെടെയുള്ളവർക്ക് ബോദ്ധ്യപ്പെട്ടിട്ടും ഇവരെ പീഡിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ഗുരുതരമായ വകുപ്പുകൾ ചേർത്ത് കള്ളക്കേസ് ചാർജ്ജ് ചെയ്യുകയുമുണ്ടായത് എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇത്തരം സംഭവങ്ങൾ നടക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുവാൻ പോലീസിൽ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രീ-പെയ്ഡ് ഓട്ടോറിക്ഷാ കൗണ്ടറുകളുടെ പ്രവർത്തനം

30 (971) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി പ്രഖ്യാപിച്ച 13 പ്രീ-പെയ്ഡ് ഓട്ടോറിക്ഷാ കൗണ്ടറുകളിൽ എത്ര എണ്ണത്തിന്റെ പ്രവർത്തനം ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) മറ്റുള്ളവയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിന്റെ കാരണങ്ങളെന്തെന്ന് വിശദമാക്കാമോ ;

(സി) ഇവയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ ;

(ഡി) കൂടുതൽ പ്രീ-പെയ്ഡ് ഓട്ടോറിക്ഷാ കൗണ്ടറുകൾ മറ്റ് പ്രദേശങ്ങളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ ഡിസംബർ 6-ന് നടന്ന അക്രമങ്ങൾ

31 (1772) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ 2010 ഡിസംബർ 6-ന് ഉണ്ടായ അക്രമ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ആരൊക്കെയാണ് പ്രതികൾ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly